**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക സമുദായത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ കുട്ടികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ)നം.08/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 08.05.2019.

==================================================================

പരാമർശം:-
1. 24.04.1979 -ലെ സ. ഉ. (സാധാ) നം.806/1979/ഡി.ഡി.
2. കേന്ദ്ര സർക്കാരിന്റെ 14.10.2004 -ലെ OM No.36033/5/2004 നമ്പർ കത്ത്.
3. 26.09.2009 -ലെ സ. ഉ. (അച്ചടി) നം. 81/2009/പ.ജ.പ.വ.വി.വ.
4. 01.01.2015 -ലെ സ. ഉ. (അച്ചടി) നം. 01/2015/പി.സ.വി.വ.
5. പിന്നാക്ക വിഭാഗ വകസന വകുപ്പിന്റെ 31.05.2018 -ലെ 2532535/എ 3/2018/പി.വി.വി.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക സമുദായാം ഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് പിന്നോക്ക സമുദായകാർക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണെന്നും വരുമാന പരിധി ഇക്കാര്യത്തിൽ ബാധകമായിരിക്കില്ലെന്നും, വിവാഹ മോചനം നടന്ന മിശ്രവിവാഹിതരുടെ കുട്ടികൾക്കും ഇത് ബാധകമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

2. മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സാമ്പത്തികവും ഔദ്യോഗികവും സാമൂഹികവുമായി മുന്നോക്കം നിൽക്കുന്ന ക്രീമിലിയറിനെ ഒഴിവാക്കി മറ്റുള്ളവർക്ക് സംവരണാനുകൂല്യം നൽകുന്നതിന് മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് നോൺ ക്രീമിലെയർ വ്യവസ്ഥകൾ ബാധകമാക്കി കേന്ദ്ര സർക്കാർ പരാമർശം 2 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അതിനനുസൃതമായി കേരള സർക്കാരും സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തിന് നോൺക്രീമിലെയർ വ്യവസ്ഥകൾ ബാധകമാക്കി പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക വിഭാഗവും മറ്റേയാൾ മുന്നാക്ക വിഭാഗവുമാണെങ്കിൽ അവരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പരാമർശം 5 കത്തിലെ നിർദ്ദേശം കാരണം ബുദ്ധിമുട്ട് നേരിടുന്നു എന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരുന്നു.

(.....2)

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള നോൺ ക്രീമിലെയർ മാനദണ്ഡങ്ങൾക്ക് വിധേയമായി മിശ്രവിവാഹിതരിൽ ഒരാൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
റവന്യൂ (റ്റി) വകുപ്പ്
നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് (27343/ഒപ്പീനിയൻ ഇ 2/2018/നിയമം, തീയതി 15.02.2019)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ